കേരളാ ലിങ്ക്
Kerala Link
e-mail:info@keralalink.co.uk web:www.keralalink.co.uk
27 JUNE 2020 email: info@keralalink.co.uk ISSUE:299

**ഇന്നത്തെ ചിന്താവിഷയം**

ഈറ്റപാമ്പ് കടിപ്പാനായ് ചീറ്റിവന്നങ്ങടുക്കുമ്പോൾ
ഏറ്റു നിന്നു നല്ലവാക്കു പറഞ്ഞാൽ പറ്റുകിലേതും
- കുഞ്ചൻ നമ്പ്യാർ

# അന്താരാഷ്ട്ര വിമാന സർവീസുകൾ വൈകും; ജൂലൈ 15 വരെ തുടങ്ങില്ല



കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ ജൂലൈ 15 വരെ അന്താരാഷ്ട്ര വിമാന സർവീസുകൾ തുടങ്ങില്ലെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അറിയിച്ചു. എന്നാൽ, ചരക്കുവിമാനങ്ങൾക്ക് വിലക്കില്ല. സിവിൽ വ്യോമയാന ഡയറക്ടർ ജനറൽ അനുമതി നൽകുന്ന വിമാനങ്ങൾക്കും പറക്കാമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

നേരത്തെ, ജൂലൈ ആദ്യവാരം അന്താരാഷ്ട്ര വിമാന സർവീസുകൾ തുടങ്ങിയേക്കും എന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. രാജ്യവ്യാപക ലോക്ഡൗണിന് പിന്നാലെ മാർച്ച് 25-നാണ് ആഭ്യന്തര - അന്താരാഷ്ട്ര വിമാന സർവീസുകൾക്ക് കേന്ദ്ര സർക്കാർ വിലക്കേർപ്പെടുത്തിയത്. എന്നാൽ മെയ് 25-ന് ആഭ്യന്തര വിമാന സർവീസുകൾക്ക് സർക്കാർ അനുമതി നൽകി.

# യുപിയെ 4 വിദേശ രാജ്യങ്ങളുമായി താരതമ്യം ചെയ്ത് നരേന്ദ്ര മോദി



യൂറോപ്യൻ രാജ്യങ്ങളുടെ അതേ ജനസംഖ്യയുള്ള ഉത്തർപ്രദേശ് കൊറോണ വൈറസിനെ നേരിട്ടത് മികച്ച രീതിയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇംഗ്ലണ്ട്, ഫ്രാൻസ്, ഇറ്റലി, സ്പെയ്ൻ തുടങ്ങിയ രാജ്യങ്ങളിലെ ജനസംഖ്യ ഒന്നടങ്കം നോക്കിയാൽ അത് 24 കോടി വരും. പക്ഷെ ഇന്ത്യയിൽ യുപിയിൽ മാത്രമുണ്ട് 24 കോടി ജനങ്ങൾ. ഈ നാലു യൂറോപ്യൻ രാജ്യങ്ങളിലും കൂടെ 1,30,000 പേരാണ് മരിച്ചത്. യുപിയിൽ 600 പേരും. ഇതിൽ നിന്നുതന്നെ കോവിഡിനെ യുപി ഫലപ്രദമായി നേരിട്ടുവെന്ന് മനസിലാക്കാമെന്നും മോദി പറഞ്ഞു.

ഉത്തർപ്രദേശ് സർക്കാരിന്റെ തൊഴിൽ പദ്ധതിയായ ആത്മനിർഭർ ഉത്തർപ്രദേശ് റോസ്ഗാർ യോജന വിഡിയോ കോൺഫറൻസ് വഴി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

# പൗരത്വ നിയമം: അറസ്റ്റ് ചെയ്തവരെ ഇന്ത്യ ഉടൻ വിട്ടയക്കണമെന്ന് യു.എൻ

പൗരത്വ നിയമത്തിനെതിരെ പ്രതിഷേധിച്ചതിന് അറസ്റ്റ് ചെയ്തവരെ ഇന്ത്യ ഉടൻ വിട്ടയക്കണമെന്ന് ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ കമീഷണർ. യു.എൻ മനുഷ്യാവകാശ ഹൈകമീഷണർ പ്രസ്താവനയിലൂടെയാണ് ഇക്കാര്യം ആവശ്യപ്പെട്ടത്.

സി.എ.എയുടെ വിവേചനത്തെക്കുറിച്ച് സംസാരിച്ചതിൻറെ പേരിൽ വിചാരണക്ക് മുമ്പ് തടങ്കലിൽ വെച്ചിരിക്കുന്ന എല്ലാ മനുഷ്യാവകാശ പ്രവർത്തകരെയും ഉടൻ മോചിപ്പിക്കണം. അറസ്റ്റിലായവരിൽ കൂടുതലും വിദ്യാർഥികളാണ്. പൗരത്വ നിയമത്തിനെതിരെ വിയോജിക്കാനും പ്രതിഷേധിക്കാനുമുള്ള അവകാശം ഉപയോഗിച്ചതിനാണ് അവരെല്ലാം അറസ്റ്റിലായത്.സർക്കാർ നയങ്ങളെ വിമർശിക്കുന്നത് വെച്ചുപൊറുപ്പിക്കില്ലെന്ന് സമൂഹത്തിന് കടുത്ത സന്ദേശം നൽകുന്നതിനായാണ് ഈ അറസ്റ്റുകളെന്നും യു.എൻ മനുഷ്യാവകാശ ഹൈകമീഷണർ കുറ്റപ്പെടുത്തുന്നു.

# തിരുവനന്തപുരത്ത് വിദേശ വനിത ഫ്ലാറ്റിൽ മരിച്ച നിലയിൽ

വിദേശ വനിത വഴുതക്കാട്ടെ ഫ്ലാറ്റിൽ മരിച്ച നിലയിൽ. നെതർലൻഡ്സ് സ്വദേശിനി സരോജിനി ജപ് കെൻ ആണ് മരിച്ചത്. സുഹൃത്തായ അഭിഭാഷകനാണ് മരണവിവരം പൊലീസിനെ അറിയിച്ചത്. 12 വർഷമായി തിരുവനന്തപുരത്ത് താമസിക്കുകയായിരുന്നു ഇവർ.

കോവിഡ് ടെസ്റ്റിൻറെ ഫലം വന്ന ശേഷമേ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യൂ. മരണത്തിൽ ദുരൂഹതയുണ്ടോ എന്നതടക്കമുള്ള കാര്യങ്ങൾ പോസ്റ്റുമോർട്ട നടപടികൾക്ക് ശേഷമെ വ്യക്തമാവൂ.

# കേരളത്തിൽ പ്ലാസ്മ തെറാപ്പിയിലൂടെ ആദ്യ കോവിഡ് മുക്തി



കേരളത്തിൽ ആദ്യമായി പ്ലാസ്മ തെറാപ്പി ചികിത്സയിലൂടെ കോവിഡ് മുക്തി. വെന്റിലേറ്റർ സഹായത്തോടെ ജീവൻ നിലനിർത്തിയ പാലക്കാട് തൃത്താല ഒതളൂർ സ്വദേശി സൈനുദ്ദീൻ സഖാഫി (50)യാണ് രോഗമുക്തി നേടിയത്. വെള്ളിയാഴ്ച ഇദ്ദേഹം മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിവിട്ടു. സൈനുദ്ദീനെ യാത്രയാക്കാൻ പ്ലാസ്മ ദാതാവ് വിനീതും ആശുപത്രിയിലെത്തി.

സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളജുകളിൽ കൊവിഡ് രോഗികളിൽ പ്ലാസ്മ തെറാപ്പി പരീക്ഷിച്ചിട്ടുണ്ടെങ്കിലും ആദ്യമായി വിജയിച്ചത് മഞ്ചേരിയിലാണ്. മസ്ക്കറ്റിൽനിന്ന് കഴിഞ്ഞ ആറിനു നാട്ടിലെത്തിയ സൈനുദ്ദീൻ ബാഖവിക്ക് 13 നാണു രോഗം സ്ഥിരീകരിച്ചത്. ന്യൂമോണിയ ബാധിച്ചതിനാൽ ഐ.സി.യുവിലേക്ക് മാറ്റിയിരുന്നു. അത്യാസന്ന നിലയിലായതോടെ പ്ലാസ്മ തെറാപ്പിയല്ലാതെ മറ്റു മാർഗമില്ലെന്നായി. ചികിത്സയ്ക്ക് സമാന രക്തഗ്രൂപ്പിലുള്ള കൊവിഡ് ഭേദമായവരുടെ രക്തമാണു വേണ്ടത്. തുടർന്ന് ആരോഗ്യവകുപ്പ് രോഗം ഭേദമായവരുടെ പട്ടിക പരിശോധിച്ച് വിനീതിനെ കണ്ടെത്തുകയായിരുന്നു.

# സാധാരണ വയറുവേദനയുമായി ആശുപത്രിയിൽ, പരിശോധനയിൽ പുരുഷനാണെന്ന് തിരിച്ചറിഞ്ഞ് യുവതി

സാധാരണ വയറുവേദനയുമായി ആശുപത്രിയിലെത്തിയ യുവതിയെ കാത്തിരുന്നത് താൻ പുരുഷനാണെന്ന സത്യം. കൊൽക്കത്തയിലാണ് ഈ അപൂർവ സംഭവം. പരിശോധനയിൽ ടെസ്റ്റിക്യുലാർ ക്യാൻസർ ആണെന്നും തെളിഞ്ഞു.

'ആൻഡ്രജൻ ഇൻസെൻസിറ്റിവിറ്റി സിൻഡ്രം' എന്ന അവസ്ഥയാണ് ഇതിനു കാരണമായി ഡോക്ടർമാർ പറയുന്നത്. ജനിതകപരമായി പുരുഷൻ ആയി ജനിക്കുകയും എന്നാൽ സ്ത്രീയുടേതായ എല്ലാ ശാരീരിക സവിശേഷതകൾ ഉണ്ടായിരിക്കുകയും ചെയ്യും.

അടിവയറ്റിലുണ്ടായ വേദനയെ തുടർന്നാണ് കൊൽക്കത്തയിലെ ബിർഭും സ്വദേശിനിയായ യുവതി ആശുപത്രിയിലെത്തിയത്. 28 വയസുള്ള സഹോദരിയിലും ഇതേ ജനിതക വ്യത്യാസം കണ്ടെത്തി.

